2001 മുതൽ 2006 വരെയുള്ള മൊത്തം നിക്ഷേപത്തിന്റെയും വായ്പയുടെയും വിവരം ചുവടെ ചേർക്കുന്നു:

വർഷം	നിക്ഷേപം (ലക്ഷത്തിൽ)	എടുത്ത വായ്പ (ലക്ഷത്തിൽ)
2001-02	74485.12	ഇല്ല
2002-03	77969.20	12500.00
2003-04	66375.57	42500.00
2004-05	46595.33	72500.00
2005-06	40236.18	12500.00
6-2-2006 വരെ	ഇല്ല	ഇല്ല

(ഡി) 313.58 ലക്ഷം രൂപ നിക്ഷേപിച്ചിരുന്നു. ഇപ്പോൾ നിക്ഷേപം ഇല്ല.

സഹകരണ മേഖലയിലെ നിക്ഷേപം വർദ്ധിപ്പിക്കാൻ നടപടി

133 [590] പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ജോർജ് ജെ. മാത്യു :
,, വി. ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സഹകരണ മേഖലയിൽ എന്തു തുകയ്ക്കുള്ള നിക്ഷേപമുണ്ടായിരുന്നു ;

(ബി) ഇപ്പോഴുള്ള നിക്ഷേപം എത്ര ;

(സി) നിക്ഷേപം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും പുതിയ പരിപാടി നടപ്പാക്കാൻ ഉദ്ദേശ്യമുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) 10,664.76 കോടി രൂപ.

(ബി) നടപ്പു വർഷാരംഭത്തിൽ 19,197.13 കോടി രൂപ.

(സി) ഉണ്ട്. 2006 മാർച്ച് മാസത്തിൽ നടക്കുന്ന നിക്ഷേപ സമാഹരണ യജ്ഞ കാലയളവിൽ നിക്ഷേപം കാര്യക്ഷമമായി വർദ്ധിപ്പിക്കുന്നതിന് ഊർജ്ജസ്വലമായി പ്രവർത്തിക്കാൻ സംഘങ്ങളോട് ആഹ്വാനം ചെയ്യുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly